"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - 2023-24 കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം പദ്ധതി - 2023-ലെ കരകൗശല അവാർഡ് ദാന ചടങ്ങ് - കെ-ബിപ്പ് ന് തുക അനുവദിക്കുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1159/2024/ID തീയതി,തിരുവനന്തപുരം, 10-12-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം. 1414/2009/വ്യവ തീയതി 05.11.2009
2. സ.ഉ (സാധാ) നം. 1186/2023/വ്യവ തീയതി 23.11.2023
3. വ്യവസായ വാണിജ്യ ഡയറക്ടറുടെ 19.02.2024, 29.10.2024 തീയതികളിലെ DIC/379/2024-HC-H നം കത്തുകൾ

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കരകൗശല മേഖലയിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നവർക്ക് പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന അവാർഡ് ഏർപ്പെടുത്തുകയും ആയതിന് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും വ്യവസായ വാണിജ്യ ഡയറക്ടർ കൺവീനറുമായ 8 അംഗ സംസ്ഥാന തല സെലക്ഷൻ കമ്മിറ്റിയുടെ ഘടന നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

2) 2023 സാമ്പത്തിക വർഷത്തിൽ 2851-00-001-93 IIP (Plan) ശീർഷകത്തിൽ 'Capacity Building Programme' എന്ന പദ്ധതി പ്രകാരം 900 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും വിവിധ പദ്ധതികൾക്കായി ഇതുവരെ 5,48,18,037/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും നിലവിൽ ഈ ശീർഷകത്തിൽ 3,51,81,963/- രൂപ അവശേഷിക്കുന്നുണ്ടെന്നും ആയതിനാൽ പ്രസ്തുത ഉത്തരവിലെ MSME Awards and other Miscellaneous items-ൽ നിന്നും 8,70,000/- രൂപ (എട്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) കരകൗശല അവാർഡ്

നിർണ്ണയ ദാന ചടങ്ങുകൾ സംഘടിപ്പിക്കുന്നതിനായി കെ-ബിപ്പിന്റെ 799012700002074 നമ്പർ PSTSB അക്കൗണ്ടിലേക്ക് റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും വ്യവസായ വാണിജ്യ ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-ലെ സംസ്ഥാന കരകൗശല അവാർഡിനായുള്ള അപേക്ഷകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ/സംസ്ഥാന തല കമ്മിറ്റി യോഗങ്ങൾ ചേരുന്നതിനും ഒരുക്കങ്ങൾ നടത്തുന്നതിനും മറ്റ് അനുബന്ധ നടപടികൾക്കും,കരകൗശല അവാർഡ് നിർണ്ണയദാന ചടങ്ങുകൾ സംഘടിപ്പിക്കുന്നതിനുമായി 2851-00-001-93-IIP (Plan) ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 8,70,000/- രൂപ (എട്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം ) കെ-ബിപ്പ് - ന് അനുവദിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടർ/ വ്യവസായ വാണിജ്യ അഡീഷണൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ ബിപ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി ഓഫീസ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (I &PW-A3/22/2024-Fin Fin(I & PW-A) Dept. )
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
വ്യവസായ (ജെ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി)

ഉത്തരവിൻ പ്രകാരം

Signed by
Bindhumol. S
സെക്ഷൻ ഓഫീസർ
Date: 11-12-2024 13:42:38